# Deepika

## 10 August 2018

## Idukki, Opening of the Idukki Dam, Hundreds of People Thronged

# ഡാം തുറക്കുന്നതു കാണാൻ ആയിരങ്ങളെത്തി

ഇടുക്കി: ഇടുക്കി ഡാം തുറക്കുന്ന അപൂർവ നിമിഷത്തിനു സാക്ഷിയാകാൻ നൂറുകണക്കിനു ജനങ്ങളാണ് ചെറുതോണിയിൽ കനത്ത മഴയെ അവഗണിച്ചു തടിച്ചുകൂടിയത്. ചെറുതോണിയിലേക്കു വാഹനങ്ങൾക്കു നിയന്ത്രണം ഏർപ്പെടുത്തിയിട്ടും കാൽനടയായി ജനം ഒഴുകുകയായിരുന്നു. ചെറുതോണി പാലത്തിലൂടെയുള്ള വാഹന ഗതാഗതവും നിരോധിച്ചിരുന്നു. ജനത്തിന് ആവേശമായിരുന്നു. കാഴ്ചക്കാർ അതിരു കടക്കാതിരിക്കാൻ മുൻ കരുതൽ എടുത്തിരുന്നു. വൈദ്യുതി ബോർഡിലെ ഡാം സുരക്ഷാ വിഭാഗമാണ് ഷട്ടർ തുറക്കുന്നതിനു മേൽനോട്ടം വഹിച്ചത്. ഡാം സേഫ്റ്റി ഡിവിഷന്റെ ചുമതലയുള്ള എക്സിക്യൂട്ടീവ് എൻജിനിയർ വി.എസ് ബാലുവിന്റെ നേതൃത്വത്തിൽ അലോഷ്യസ് പോൾ, ആർ. ചന്ദ്രശേഖരൻ, ഗണേശൻ, സെബി എം. കുര്യാക്കോസ്,സന്ധ്യ ശങ്കർ, ഓപ്പറേറ്റർമാരായ സിബി, അമൽ, ലിജോ, പ്രിൻസ് തുടങ്ങിയവർ അടങ്ങിയ സംഘമാണു ഷട്ടർ തുറന്നത്.



ചെറുതോണി പാലത്തിനു സമീപം എത്തിയ ജനങ്ങൾ.

26 വർഷത്തിനുശേഷമാണ് ഇടുക്കി അണക്കെട്ട് വീണ്ടും തുറന്നത്. ഇതു മൂന്നാമത്തെ തവണയാണ് ഇടുക്കി അണക്കെട്ട് തുറക്കുന്നത്. 1981ലായിരുന്നു ആദ്യം. ഇതിനുമുമ്പ് 1992 ഒക്ടോബറിലാണ് തുറന്നത്. അന്നു ഞായറാഴ്ച രാവിലെ തുറന്നു ഷട്ടർ താഴ്ത്തിയതു അഞ്ചാം ദിവസം വൈകുന്നേരം അഞ്ചിനായിരുന്നു. മുമ്പ് രണ്ടു വട്ടവും 2401- 2402 നും ഇടയിൽ ജലനിരപ്പ് എത്തിയപ്പോഴായിരുന്നു തുറന്നത്. ഇക്കുറി ആദ്യമാണ് 2399 അടിയിലെത്തിയപ്പോഴേക്കും തുറന്നത്. ഇതാദ്യമാണ് മൺസൂൺ മഴയിൽ ഇടുക്കി അണക്കെട്ട് നിറയുന്നതും പരീക്ഷണ തുറക്കലും.

ഇന്നലെ രാവിലെ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതലയോഗത്തിലാണ് ഷട്ടർ തുറന്നു ട്രയൽറൺ നടത്താൻ തീരുമാനിച്ചത്. ഉച്ചയ്ക്കു 12.30നു ഇടുക്കി അണക്കെട്ട് തുറക്കുമ്പോൾ ജലനിരപ്പ് 2399.04 അടിയായിരുന്നു. എന്നാൽ, മൂന്നുമണിക്കൂറിനുള്ളിൽ 0.36 അടി വെള്ളമാണ് വർധിച്ചത്. 4.30നു 2399.58 അടിയായി ജലനിരപ്പ് ഉയർന്നു. വൈകിട്ട് ആറിനു 2399.82 അടിയായി ഉയർന്നു. രാത്രി ഏഴിനു 2399.90 അടിയായി. ട്രയൽ റൺ വഴി അണക്കെട്ടിലെ ജലനിരപ്പ് കുറയ്ക്കാനായില്ലെങ്കിൽ ഡാമിലെ ഒരു ഷട്ടർ കൂടി ഉയർത്തി അധികജലം ഒഴുക്കിക്കളയാനാണ് കെഎസ്ഇബി ആലോചിക്കുന്നത്. ഇപ്പോഴത്തെ സാഹചര്യത്തിൽ ചെറുതോണിയിലും പരിസരങ്ങളിലും ഏർപ്പെടുത്തിരിക്കുന്ന ഗതാഗത നിയന്ത്രണം തുടരാനാണ് തീരുമാനം.

ചെറുതോണി ഡാം ഷട്ടർ പരീക്ഷണാടിസ്ഥാനത്തിൽ തുറന്നതിനെത്തുടർന്ന് വെള്ളമൊഴുകുന്ന പുഴയോരത്തെ സജ്ജീകരണങ്ങൾ ജില്ലാ കളക്ടർ കെ. ജീവൻബാബു, റോഷി അഗസ്റ്റിൻ എംഎൽഎ എന്നിവരുടെ നേതൃത്വത്തിൽ പരിശോധിച്ചു. സ്ഥിതിഗതികൾ നിയന്ത്രണവിധേയമാണെന്നും ജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ലെന്നും മന്ത്രി എം.എം.മണി അറിയിച്ചു.